(ബി) വില്പനനികുതി ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ചെക്ക് പോസ്റ്റുകളിലെ പരിശോധന കാര്യക്ഷമമാക്കി നിയമപ്രകാരമുള്ള നികുതി ലഭിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യഥാസമയം നികുതി പിരിച്ചെടുക്കാത്ത സ്ഥിതി ഉണ്ടായിട്ടില്ലാത്തതിനാൽ സംസ്ഥാനത്തിന് നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

(ബി) 1. വാണിജ്യ നികുതി വകുപ്പിലെ പ്രധാന ഓഫീസുകളും ചെക്ക് പോസ്റ്റുകളും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2. പ്രധാന ചെക്ക് പോസ്റ്റുകളായ വാളയാർ, ബംഗറ, മഞ്ചേശ്വർ, മുത്തങ്ങ, ആര്യൻകാവ്, അമരവിള എന്നിവിടങ്ങളിൽ കെട്ടിടത്തിനും പാർക്കിംഗ് സൗകര്യത്തിനും അകത്തോട്ടും പുറത്തോട്ടും പോകുന്ന വാഹനങ്ങൾ പ്രത്യേകം പരിശോധിക്കുന്നതിനുള്ള സൗകര്യത്തിനുമായി സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇന്റലിജൻസ് വിഭാഗവും കൂടാതെ ഡെപ്യൂട്ടി കമ്മീഷണർമാരുടെയും അസിസ്റ്റന്റ് കമ്മീഷണർമാരുടേയും നേതൃത്വത്തിലുള്ള ചെക്ക്പോസ്റ്റുകളിൽക്കൂടി കടന്നുവരുന്ന വാഹനങ്ങൾ പരിശോധിച്ചുവരുന്നു. ഇതുകൂടാതെ മിന്നൽപരിശോധന നടത്തി ചെക്ക്പോസ്റ്റിൽ ജോലിചെയ്യുന്ന ആൾക്കാരെ മുഴുവൻ മാറ്റി പകരം ഇന്റലിജൻസ് സ്കാഡിലെ ജീവനക്കാരെ ഒരു നിശ്ചിത സമയത്തേക്ക് നിയമിച്ചുവരുന്നു.

4. നിലവിലുള്ള ചെക്ക് പോസ്റ്റുകൾക്ക് സമാന്തരമായി ബൈറൂട്ടുകളിൽക്കൂടി കള്ളക്കടത്ത് തടയുന്നതിലേക്കായി, അപ്രകാരമുള്ള ബൈറൂട്ടുകൾകൂടി ഉൾക്കൊള്ളത്തക്കവിധത്തിൽ ചെക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയോ പുതിയ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുകയോ ചെയ്യുന്നു.

5. പ്രധാന ചെക്ക്പോസ്റ്റുകളിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരെ നിയമിക്കുകയും ചെക്ക് പോസ്റ്റുകൾ അവരുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തിട്ടുണ്ട്.

6 (2563) കാർഷികാദായ നികുതിദായകർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എം. മുരളി :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കാർഷികാദായ നികുതിദായകരുണ്ട്;

(ബി) ഇതിൽ എത്ര പേർ അവരുടെ നികുതി കമ്മ്യൂട്ട് ചെയ്തിട്ടുണ്ട്;

(സി) എത്ര പേരുടെ നികുതി അസസ്സ് ചെയ്യേണ്ടതുണ്ട്;

(ഡി) ഈ നികുതി പിരിച്ചെടുക്കുവാനുള്ള ഉദ്യോഗസ്ഥന്മാരുടെ ഘടനയെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ നികുതി പിരിക്കുവാൻ ഇപ്പോൾ എത്ര ഉദ്യോഗസ്ഥന്മാരുണ്ട്?

ഉത്തരം

(എ),(ബി)&(സി) കൃത്യമായ വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ നികുതി പിരിച്ചെടുക്കുവാൻ സംസ്ഥാനത്ത് 3 ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരേയും 69 കാർഷികാദായ നികുതി ഓഫീസർമാരേയും അധികാരപ്പെടുത്തിയിട്ടുണ്ട്.

(ഇ) 72 ഉദ്യോഗസ്ഥൻമാരുണ്ട്.

7 (2564) കാർഷികാദായ നികുതി പിരിക്കുന്നതിനുള്ള ചെലവ്

ശ്രീ. അടൂർ പ്രകാശ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാദായ നികുതി പിരിക്കുന്നതിന് 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ എന്തു തുക ചെലവുവന്നിട്ടുണ്ട്;

(ബി) പ്രസ്തുത വർഷങ്ങളിൽ ഓരോന്നിലും എന്തു തുകവീതം ഈ നികുതിയിനത്തിൽ പിരിച്ചിട്ടുണ്ട്;

(സി) ഈ നികുതി പിരിച്ചെടുക്കുന്നതിനുള്ള ചെലവും ഈ നികുതിയിൽ നിന്നുള്ള വരവും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ ഗവൺമെന്റിന് സാമ്പത്തികമായി എന്തു പ്രയോജനമുണ്ടാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ)

വർഷം	തുക
1996-97	11,38,188.00
1997-98	20,51,305.00
1998-99	23,36,000.00

(ബി)

1996-97	-	17 കോടി
1997-98	-	22.54 കോടി
1998-99	-	25.52 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

(സി)

വർഷം	വരവ് (തുക കോടിയിൽ)	ചെലവ്	ചെലവ് (ശതമാനം)
1996-97	17.00	0.11	0.65%
1997-98	22.54	0.21	0.93%
1998-99	25.52	0.23	0.90%

8 (2565) ഗവൺമെന്റ് ഗ്യാരണ്ടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

LIBRARY ARCHIVES Kerala Legislative Assembly